(സി) പത്താം പദ്ധതിയുടെ ഒന്നും രണ്ടും വാർഷിക പദ്ധതികളിൽ പത്താം പദ്ധതി പ്രകാരം ലോക്കൽ ബോഡീസിന് വകയിരുത്തേണ്ടിയിരുന്ന തുക എത്ര വീതമായിരുന്നു;

(ഡി) യഥാർത്ഥത്തിൽ പത്താം പദ്ധതിയുടെ ഒന്നും രണ്ടും വാർഷിക പദ്ധതികൾക്കുവേണ്ടി ബഡ്ജറ്റുകളിൽ കണക്കാക്കിയ തുക എത്ര കോടി വീതമാണ്;

(ഇ) ഒന്നാം വാർഷിക പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ യഥാർത്ഥത്തിൽ എന്തു തുക ചെലവഴിക്കുകയുണ്ടായി;

(എഫ്) രണ്ടാം വാർഷിക പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ ഇതിനകം എന്തു തുക ചെലവഴിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 8,000 കോടി രൂപ.

(ബി) സംസ്ഥാന വാർഷിക പദ്ധതി വിഹിതങ്ങൾ താഴെ കൊടുക്കുന്നു:

വർഷം		തുക (കോടി രൂപ)
2002-03	..	4026
2003-04	..	4430.25

(സി, ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തേണ്ടിയിരുന്ന തുകയും വകയിരുത്തിയ തുകയും ചുവടെ നൽകുന്നു:

വർഷം	വകയിരുത്തേണ്ടിയിരുന്ന തുക	വകയിരുത്തിയ തുക
2002-03	1342	1342
2003-04	1317	1317

(ഇ) 1006.50 കോടി രൂപ.

(എഫ്) 30-11-2003 വരെ 280.298 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ജനകീയാസൂത്രണ പദ്ധതിയുടെ ഗുണഭോക്തൃ കൺവീനർമാരിൽനിന്നും തിരിച്ചുകിട്ടേണ്ട തുക

75 [793] ശ്രീ. എ. പി. അനിൽകുമാർ:
,, കെ. ബാബു:
,, ബി. വിജയകുമാർ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി നടപ്പാക്കിയിരുന്ന കാലത്ത് വർക്കുകൾക്കു വേണ്ടി പണം പറ്റിയിട്ടും പണി ചെയ്യാത്തതോ പണി പൂർത്തിയാക്കാത്തതോ ആയ ഗുണഭോക്തൃ കൺവീനർമാരിൽനിന്നും തിരിച്ചുകിട്ടേണ്ട തുക എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വ്യാജനാമം സ്വീകരിച്ച് പണികളേറ്റെടുത്ത് പണി ചെയ്യാതെയോ പൂർത്തിയാക്കാതെയോ ഇരുന്ന ഗുണഭോക്തൃ കൺവീനർമാരിൽനിന്ന് തിരിച്ചുകിട്ടേണ്ട തുകയെന്തുവരും എന്ന് വെളിപ്പെടുത്തുമോ;

(സി) ഇവരിൽനിന്ന് കിട്ടാനുള്ള തുക എപ്രകാരം ഈടാക്കാമെന്ന് കരുതുന്നു;

(ഡി) അതിൽ കൊടുത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഏകദേശം 250 കോടി രൂപ വിവിധ കൺവീനർമാരിൽനിന്നും തിരിച്ചു പിടിക്കേണ്ടതാണെന്ന് 2001-02-ലെ പെർഫോമെൻസ് ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. രേഖകൾ പ്രകാരം ഗുണഭോക്തൃ സമിതികളാണ് ജോലികൾ ഏറ്റെടുത്തിട്ടുള്ളത്. ഇക്കാരണം കൊണ്ടുതന്നെ ഇതിനു പിന്നിലുള്ള യഥാർത്ഥ ബിനാമികളെ കണ്ടെത്താൻ കഴിയില്ല.

(സി) റവന്യൂ റിക്കവറി നടപടികൾ അവലംബിച്ച്.

(ഡി) പ്രവൃത്തികൾ ഏറ്റെടുത്തിട്ട് തുടങ്ങാതെയോ പൂർത്തിയാക്കാതെയോ ഉള്ള സാഹചര്യങ്ങളിൽ റവന്യൂ റിക്കവറിക്ക് വകുപ്പു മേധാവികളിൽനിന്നും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരിൽനിന്നും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൺവീനർ ചെയ്തു തീർത്തിട്ടുള്ള പണികൾ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ എൻജിനീയറുടെ ചുമതലയിൽ മെഷർമെന്റ് എടുത്തിട്ട് അധികം കൈപ്പറ്റിയിട്ടുള്ള തുകയ്ക്കാണ് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നത്. മറ്റ് ഏജൻസികളെ ഏൽപ്പിച്ച് നിർമ്മാണം പൂർത്തിയാക്കുമ്പോൾ ഒറിജിനൽ എസ്റ്റിമേറ്റിനേക്കാൾ അധികം തുക വേണ്ടിവരികയാണെങ്കിൽ ആ തുകയും കൺവീനറിൽനിന്ന് ഈടാക്കുന്നതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഗ്രാമസഭയോ, വാർഡ് സഭയോ വിളിച്ചുകൂട്ടുന്നതിനുള്ള ഉത്തരവാദിത്തം

76 [794] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. ബി. വിജയകുമാർ:
„ എൻ. ശക്തൻ:
„ പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഗ്രാമസഭയോ, വാർഡ് സഭയോ വിളിച്ചുകൂട്ടുന്നതിനുള്ള ഉത്തരവാദിത്തം ആർക്കാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കുള്ള ഉത്തരവാദിത്തം എന്താണ്;

(സി) വാർഡ് സഭയുടെയോ ഗ്രാമസഭയുടെയോ യോഗം എത്ര കാലത്തിനുള്ളിലാണ് കൂടേണ്ടത്;

LIBRARY ARCHIVES Kerala Legislative Assembly